പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1487 13.07.2016 - ൽ മറുപടിയ്ക്ക്

## ഓച്ചിറ ക്ഷേത്ര പരിസരത്ത് അധിവസിക്കുന്ന വൃദ്ധരും, നിരാലംബരുമായവരുടെ സംരക്ഷണം

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓച്ചിറ ക്ഷേത്ര പരിസരത്ത് വൃദ്ധരും, നിരാലംബരുമായവർ അധിവസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; | (എ) | ഓച്ചിറ ക്ഷേത്ര പരിസരത്ത് വൃദ്ധരും നിരാലംബരുമായവർ അധിവസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെക്കുറിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല. |
| (ബി) | ഇവർക്ക് രാത്രികാലങ്ങളിൽ കഴിയുന്നതിന് കെട്ടിടങ്ങളോ; അഭയകേന്ദ്രങ്ങളോ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഓച്ചിറ ക്ഷേത്രത്തിനോടനുബന്ധിച്ച് ഭക്തജനങ്ങൾക്ക് വിശ്രമിക്കുവാനായിട്ടുള്ള ഹാളിൽ തന്നെയാണ് വൃദ്ധരും നിരാലംബരുമായിട്ടുള്ളവർ അധിവസിക്കുന്നത്. പ്രത്യേകിച്ച് അഭയ കേന്ദ്രങ്ങൾ ഇതിനായി പ്രവർത്തിക്കുന്നില്ല. |
| (സി) | ഇവർക്ക് മതിയായ ആഹാരം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവർക്ക് ആഹാരം, ചികിത്സ പരിചരണം തുടങ്ങിയവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇവർക്കായി ഭക്തജനങ്ങൾക്ക് തയ്യാറാക്കുന്ന ആഹാരം നൽകുന്നുണ്ട്. ആഹാരം, ചികിത്സ, പരിചരണം തുടങ്ങിയവ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. |

Manoharan

**സെക്ഷൻ ഓഫീസർ**